## ഒരു മനസ്സിന്റെ ദർശനം

**I. സഭയിലുള്ള യഥാർഥ ഒരുമനസ്സ്, ശരീരത്തിന്റെ ഒരുമയുടെ, അതായത് ആത്മാവിന്റെ ഒരുമയുടെ അനുഷ്ഠാനമാണ്**

പ്രവൃ. 1:14 ഇവർ എല്ലാവരും... ഒരു മനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

- സഭയിൽ യഥാർഥ ഒരുമനസ്സിന്റെ അനുഷ്ഠാനം ഒരുമയുടെ പ്രയോഗമാണ്; ഒരുമ അനുഷ്ഠിക്കപ്പെടുമ്പോൾ, അത് ഒരുമനസ്സായിത്തീരുന്നു
- സുവിശേഷങ്ങളെയും പ്രവൃത്തിയുടെ പുസ്തകത്തെയും വേർതിരിക്കുന്ന നാഴികക്കല്ല് നൂറ്റിയിരുപതുപേരുടെ ഇടയിലുള്ള ഒരുമനസ്സാണ്
- നാം ശരീരത്തിന്റെ തത്ത്വം അനുഷ്ഠിക്കുന്നുവെങ്കിൽ, നമുക്ക് ഒരുമനസ്സുണ്ടായിരിക്കും, കാരണം ഒരുമനസ്സ് ശരീരമാണ്
- ഒരുമനസ്സ് പുതിയനിയമത്തിലെ ഏത് അനുഗ്രഹത്തിന്റെയും പ്രധാന താക്കോലാണ്
    - ഒരുമയുടെ അനുഷ്ഠാനമായ ഒരുമനസ്സിന്റെ ഒരു സാഹചര്യത്തിന്മേൽ മാത്രമേ ദൈവത്തിന്റെ അനുഗ്രഹം വരുവാൻ കഴിയുകയുള്ളൂ

**II. നമ്മുടെ ആന്തരിക ആളത്തത്തിലുള്ള, നമ്മുടെ മനസ്സിലും ഇച്ഛയിലുമുള്ള, സ്വരച്ചേർച്ചയെയാണ് ഒരുമനസ്സ് സൂചിപ്പിക്കുന്നത്**

- പ്രവൃത്തികൾ 1:14-ൽ "ഒരുമനസ്സ്" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന പദം ഹോമൊതുമാഡോൻ ആണ്
    - അത് ഒരുവന്റെ മുഴുവൻ ആളത്തത്തിലുമുള്ള ആന്തരിക അനുഭൂതിയുടെ സ്വരച്ചേർച്ചയെ സൂചിപ്പിക്കുകയും ചെയ്യുന്നു
- മത്തായി 18:19-ൽ ഒരുമനസ്സിനെ സൂചിപ്പിക്കുന്നതിന് സംഫോണിയോ എന്ന യവനപദം ഉപയോഗിക്കുന്നു
    - വിശ്വാസികൾക്കിടയിലെ ആന്തരിക അനുഭൂതിയുടെ സ്വരച്ചേർച്ച, സ്വരച്ചേർച്ചയുള്ള ഒരു സ്വരമാധുര്യം പോലെയാണ്

## ഒരുമനസ്സിന്റെ അനുഷ്ഠാനം

**III. ഒരുമയുടെ—ഒരുമനസ്സിന്റെ—അനുഷ്ഠാനം അപ്പൊസ്തലന്മാരുടെ ഉപദേശത്തിനൊത്തവണ്ണമാണ്**

പ്രവൃ. 2:42 അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും... ദൃഢചിത്തരായി തുടർന്നുകൊണ്ടിരുന്നു

- വിശ്വാസികളുടെ ഇടയിൽ ഒരുമനസ്സുണ്ടായിരിക്കുകയും, ഒരുമനസ്സിലായിരുന്നവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ ദൃഢചിത്തരായി തുടരുകയും ചെയ്തു
- അപ്പൊസ്തലന്മാർ എല്ലാ സ്ഥലങ്ങളിലുമുള്ള എല്ലാ സഭകളിലുമുള്ള എല്ലാ വിശുദ്ധന്മാരോടും ഒരേ കാര്യം ഉപദേശിച്ചു

**IV. ഒരുമനസ്സ് അനുഷ്ഠിക്കുന്നതിൽ നാം ഏക ദേഹിയോടുകൂടെ ഏകാത്മാവിൽ ആയിരിക്കേണ്ടതാവശ്യമാണ്**

ഫിലി. 1:27 നിങ്ങൾ ഏക ആത്മാവിൽ, ഏക ദേഹിയോടെ
ഫിലി. 2:2 നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്,... ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്

- നാം ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും പൊരുത്തപ്പെട്ടിരിക്കണം; ഇത് നമ്മുടെ ദേഹിയിൽ ഒന്നായിരിക്കുന്നതാണ്
- ഒരുമനസ്സിലായിരിക്കുന്നത് നമ്മുടെ മുഴുവൻ ആളത്തത്തിൽ ഒന്നായിരിക്കുന്നതാണ്; ഇത് നമ്മുടെ ബാഹ്യമായ സംസാരത്തിൽ ഒന്നായിരിക്കുന്നതിൽ പരിണമിക്കുന്നു
    - ഒരുമനസ്സോടുകൂടെയും ഒരു വായോടുകൂടെയും എന്നതർഥമാക്കുന്നത് നാം പലരായിരിക്കുകയും, എല്ലാവരും സംസാരിക്കുകയും ചെയ്യുന്നെങ്കിലും നാമെല്ലാവരും "ഒരേ കാര്യം സംസാരിക്കുന്നു" എന്നാണ്

**V. ഒരുമനസ്സിലായിരിക്കുന്നതിന് നമുക്ക് ഒരു ഹൃദയവും ഒരു വഴിയും ഉണ്ടായിരിക്കണം**

യിരെ. 32:39 ഞാൻ അവർക്കു ഏക മനസ്സും (ഹൃദയവും) ഏകമാർഗ്ഗവും കൊടുക്കും.

- നാം ദൈവത്തിന്റെ ആവിഷ്കരാമാകത്തക്കവണ്ണം ദൈവത്തെ സ്നേഹിക്കുവാനും, ദൈവത്തെ അന്വേഷിക്കുവാനും, ദൈവത്തെ ജീവിക്കുവാനും, ദൈവത്താൽ സംരചിക്കപ്പെടുവാനും വിശ്വാസികൾക്ക് ഏകഹൃദയവും, ദിവ്യപ്രാപ്തിയോടുകൂടിയ ജീവന്റെ ആന്തരിക പ്രമാണമെന്ന നിലയിൽ ത്രിയേകദൈവം എന്ന ഏക വഴിയും ഉണ്ടായിരിക്കണം

**VI. നമുക്ക് ഒരുമനസ്സുണ്ടായിരിക്കണമെങ്കിൽ, സഭാജീവിതത്തിൽ നമുക്ക് ഒരു "തുലാസ്" മാത്രമേ ഉണ്ടായിരിക്കുവാൻ പാടുള്ളൂ**

ആവ. 25:15 നിന്റെ പടി ഒത്തതും ന്യായമായതുമായിരിക്കേണം; അങ്ങനെ തന്നേ നിന്റെ പറയും ഒത്തതും ന്യായമായതുമായിരിക്കേണം.
മത്താ. 7:2 നിങ്ങൾ വിധിക്കുന്ന വിധിയാൽ, നിങ്ങൾ വിധിക്കപ്പെടുകയും, നിങ്ങൾ അളക്കുന്ന അളവിനാൽ, നിങ്ങൾക്ക് അളക്കപ്പെടുകയും ചെയ്യും.

- നമ്മിലുള്ള ഒരു കാര്യത്തെ ന്യായീകരിക്കുകയും മറ്റുള്ളവരിൽ അതേ കാര്യത്തെ കുറ്റംവിധിക്കുകയും ചെയ്യുമ്പോൾ അത് സൂചിപ്പിക്കുന്നത് നമുക്ക് വ്യത്യസ്ത തൂക്കങ്ങളും അളവുകളും, അതായത് വ്യത്യസ്ത തുലാസുകൾ—മറ്റുള്ളവരെ അളക്കുന്നതിന് ഒരു തുലാസും നമ്മെത്തന്നെ അളക്കുന്നതിന് വ്യത്യസ്ത തുലാസും—ഉണ്ടെന്നാണ്

**VII. നമുക്ക് ഏക, സർവവും-ഉൾക്കൊള്ളുന്ന ദർശനം—ഈ യുഗത്തിന്റെ ദർശനം—ഉള്ളതുകൊണ്ട് ഇന്ന് നമുക്ക് ഒരുമനസ്സിലായിരിക്കുവാൻ കഴിയും**

സദൃ. 29:18 വെളിപ്പാടു ഇല്ലാത്തെടത്തു ജനം മര്യാദവിട്ടു നടക്കുന്നു;...
പ്രവൃ. 26:19 ഞാൻ സ്വർഗീയ ദർശനത്തോട് അനുസരണക്കേടുള്ളവൻ ആയിരുന്നില്ല.

- ഒരു ചെറിയ കാര്യത്തിൽ നമുക്ക് വ്യത്യസ്ത ദർശനങ്ങൾ ഉള്ളിടത്തോളം, നമുക്ക് ഒരുമനസ്സുണ്ടായിരിക്കുവാൻ കഴിയുകയില്ല
- കർത്താവ് തന്റെ പ്രത്യുദ്ധാരത്തിനു നൽകിയിരിക്കുന്ന ദർശനം സർവവും-ഉൾക്കൊള്ളുന്ന ഒരു ദർശനമാണ്—വേദപുസ്തകത്തിലെ എല്ലാ ദർശനങ്ങളുടെയും ആത്യന്തിക പരിണതിയാണ്

## കർത്താവിന്റെ തൽസമയ നീക്കത്തിന് വേണ്ടതായ ആവശ്യകത

**VIII. കർത്താവിന്റെ തൽസമയ നീക്കത്തിന്, എല്ലാ സഭകളും ഒരുമനസ്സിൽ ആയിരിക്കേണ്ടതാശ്യമാണ്; നാമെല്ലാവരും ഒരേ കാര്യം ശബ്ദിക്കുകയും, ഒരേ കാര്യം കാഹളം മുഴക്കുകയും, ഒരേ കാര്യം ഉപദേശിക്കുകയും, അനുഷ്ഠാനത്തിൽ ഒരുപോലെയായിരിക്കുകയും വേണം**